# പതിമൂന്നാം കേരള നിയമസഭ
## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :745 08.03.2012- ൽ മറുപടിയ്ക്ക്

### ജലനിധി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ജലനിധിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഒരു പദ്ധതി രൂപരേഖ ഉണ്ടാക്കുകയും അത് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അംഗീകരിച്ച് ലോക ബാങ്കിന്റെ അനുമതിയ്ക്കായി അയച്ചുകൊടുക്കുകയും ചെയ്തു. പദ്ധതി രൂപ രേഖയുടെ വിശദമായ പരിശോധനകൾ നടത്തുന്നതിനുവേണ്ടി ലോകബാങ്ക് പ്രതിനിധികൾ കേരളത്തിലും ഡൽഹിയിലും സന്ദർശിച്ച് വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി പദ്ധതി രൂപ രേഖ അംഗീകരിച്ചു. 2012 ഫെബ്രുവരി മാസം 15-ന് പദ്ധതിയുടെ അവസാന കരാർ തിരുവനന്തപുരത്ത് വെച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ലോകബാങ്ക്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, ജലനിധി എന്നിവരുടെ പ്രതിനിധികളും ചേർന്ന് ഒപ്പു വെച്ചു. |
| (ബി) രണ്ടാംഘട്ട പദ്ധതി സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) രണ്ടാംഘട്ട പദ്ധതി സംസ്ഥാനത്തെ 200 ഗ്രാമ പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. രണ്ടാംഘട്ട പദ്ധതി നാല് ബാച്ചുകളായിട്ടാണ് നടപ്പിലാക്കുന്നത്. ആദ്യ ബാച്ചിൽ 30, രണ്ടും മൂന്നും ബാച്ചുകളിൽ 60 വീതവും നാലാം ബാച്ചിൽ 50 എന്നിങ്ങനെ 200 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. 200 പഞ്ചായത്തുകളിൽ 22 എണ്ണം ട്രൈബൽ പഞ്ചായത്തുകളായിരിക്കും. |

രണ്ടാം ഘട്ടത്തിന്റെ ആദ്യ ബാച്ചിൽ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും രണ്ട് പഞ്ചായത്തുകളെ (കൊല്ലം കാസർഗോഡ് മൂന്ന് പഞ്ചായത്തുകൾ) വച്ചാണ് തെരഞ്ഞെടുക്കുത്തത്. എന്നാൽ തുടർന്നുള്ള ബാച്ചുകളിൽ കേരളത്തിലെ 8 ജില്ലകളിലുള്ള പഞ്ചായത്തുകളെയാണ് ഈ പദ്ധതിക്കു വേണ്ടി തെരഞ്ഞെടുക്കുന്നത്. കൂടുതൽ ജലക്ഷാമം, കൂടുതൽ ബി.പി.എൽ കുടുംബങ്ങൾ കൂടുതൽ ട്രൈബൽ ജനസംഖ്യ എന്നീ മാനദണ്ഡങ്ങൾ വച്ചാണ് ഈ 8 ജില്ലകളെ തെരഞ്ഞെടുത്തിട്ടുള്ളത്. (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, കോട്ടയം) ഈ ജില്ലയിൽ നിന്നും പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. അവ ജലലഭ്യത, ജലത്തിന്റെ ഗുണമേന്മ, പഞ്ചായത്തിലെ ദാരിദ്ര്യ രേഖക്കുതാഴെയുള്ള കുടുംബങ്ങൾ, പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ SC/ST കുടുംബങ്ങളുടെ അനുപാതം പഞ്ചായത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗ ശേഷി എന്നീ ഘടകങ്ങൾ പരിശോധിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുക.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി ലോക ബാങ്കിന്റെ എത്ര തുകയുടെ സഹായം ലഭിച്ചിട്ടുണ്ട്;? | (സി) | 1022 കോടി രൂപയുടെ മൊത്തം അടങ്കലിൽ ലോക ബാങ്ക് വായ്പ 658 കോടി രൂപയാണ്. |
| (ഡി) | രണ്ടാം ഘട്ട പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | രണ്ടാം ഘട്ട പദ്ധതി 2012 ജനുവരി മുതൽ ആരംഭിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**